പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1638**

**25/03/2013-ൽ**
**മറുപടിയ്ക്ക്**

100 ദിന കർമ്മ പരിപാടി

**ചോദ്യം**

ശ്രീ.പി.റ്റി.എ.റഹീം

(എ) 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന മലയോര വികസന അതോറിറ്റി, തീരദേശ വികസന അതോറിറ്റി എന്നിവയുടെ ഇപ്പോഴത്തെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ ?

**ഉത്തരം**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യ മന്ത്രി)

(എ) സംസ്ഥാനത്ത് മലയോര വികസന ഏജൻസി 2012 മെയ് മാസം 28-ാം തീയതി രജിസ്റ്റർ ചെയ്ത് പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്. ഏജൻസിക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം റോഡുനിർമ്മാണത്തിനുള്ള പ്രോജക്ടുകൾ പരിശോധിച്ചു വരുന്നു. പഴം-പച്ചക്കറി വികസനപദ്ധതി, പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതി, ചെറു അരുവികളിൽ തടയണനിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ തീരദേശ വികസന അതോറിറ്റി സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ചിരുന്നുവെങ്കിലും, നിലവിൽ തീരദേശ വികസന കോർപ്പറേഷൻ ഉള്ളതിനാൽ, തീരദേശ വികസന അതോറിറ്റി നിർത്തലാക്കി, പകരം സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ശാക്തീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

Bijumon

സെക്ഷൻ ഓഫീസർ